**ആരോഗ്യവകുപ്പ് കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) യുടെ നടപടിക്രമം**

വിഷയം : ആ.വ.ഡ - ജീവനക്കാര്യം – ശ്രീമതി. ശോഭാലക്ഷ്മി. എൻ, ഹെഡ് നഴ്സ് ഫയൽ ചെയ്ത OA (EKM) 526/2021 മേൽ 26.11.2021 ലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. ഇ.എസ്3-73956/06/ആ.വ.ഡ, തീയതി. 25.10.2007
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ. എ. നം. 526/2021 മേൽ 26.11.2021 ലെ വിധി ന്യായം
3. G.O(P)36/91/P & ARD, Dt: 02.12.1991
4. ശ്രീമതി. ശോഭാ ലക്ഷ്മി. എൻ സമർപ്പിച്ച 10.02.2021 –ലെ അപേക്ഷ (A3)

**ഉത്തരവ് നം. ഇ.എസ്3/17628/2021/ആ.വ.ഡ/തീയതി : 18.04.2022**

ശ്രീമതി. ശോഭാലക്ഷ്മി.എൻ, ഹെഡ് നഴ്സ്, താലൂക്കാശുപത്രി, മലപ്പുറം, സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിനായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ. എ. (ഇ.കെ.എം) നം. 526/2021 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ടി ഒ.എ.യിൽ അനുബന്ധം എ3 ആയി ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷിന്മേൽ ഹിയറിംഗ് നടത്തി തീരുമാനം എടുക്കുന്നതിനായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

ശ്രീമതി. ശോഭാലക്ഷ്മിയെ 2022 മാർച്ച് 30-ാം തീയതി നേരിൽ കേൾക്കുകയുണ്ടായി. ശ്രീമതി. ശോഭാലക്ഷ്മി.എൻ . DII(10)976/90/KPSC,KKD, Dt: 13.12.1996 ശുപാർശ പ്രകാരം 12.02.1997 ൽ കോഴിക്കോട് ജില്ലയിലും തുടർന്ന് 06.09.1997 ൽ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങി മലപ്പുറം ജില്ലയിലും ജോലിയിൽ പ്രവേശിച്ചു. അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയ തീയതി പരിഗണിച്ച് പരാമർശം (1) പ്രകാരമുള്ള 1990-2002 കാലയളവിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 സീനിയോറിറ്റി പട്ടികയിൽ ടിയാരി 1908-ാം സ്ഥാനക്കാരിയായി ഉൾപ്പെട്ടിട്ടുണ്ട്. ടിയാരിയുടെ ഭർത്താവ് സൈനികനായതിനാൽ ജവാൻ പ്രൊട്ടക്ഷനിൽ സീനിയോറിറ്റി പി. എസ്. സി ശുപാർശ തീയതി പരിഗണിച്ച് പുനഃസ്ഥാപിക്കണം എന്നതാണ് അനുബന്ധം എ3 അപേക്ഷയിലെ ആവശ്യം.

പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം ജവാൻ പ്രൊട്ടക്ഷനിൽ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയാൽ സീനിയോറിറ്റി പ്രൊട്ടക്ട് ചെയ്ത് കിട്ടുകയില്ല, പകരം അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങുന്നതിനുള്ള മിനിമം കാലയളവ് 5 വർഷം എന്നുള്ളതിന് ഇളവ് നൽകുക മാത്രമാണുള്ളത്. പരാമർശം (3) പ്രകാരമുള്ള സർക്കാർ

ഉത്തരവിൽ ഖണ്ഡിക 4(ii)ൽ "Any inter district transfer except the one, of candidates advised to headquarters vacancies to the district of his choice will entail loss of seniority" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ അനുസരിച്ച് അനുബന്ധം എ3 അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ ടി അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

പരാമർശം (2) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 526/2021 മേൽ 26.11.2021 ലെ വിധി ന്യായം ഇപ്രകാരം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

ഡോ. ഷിനു. കെ. എസ്

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

പകർപ്പ്

1. അഡ്വക്കേറ്റ് ജനറൽ,
   കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
   (ആമുഖ കത്തിനോടൊപ്പം)
2. പ്രിൻസിപ്പൽ സെക്രട്ടറി
   ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
   ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
3. ബന്ധപ്പെട്ട എല്ലാവർക്കും
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
4. സീനിയർ സൂപ്രണ്ട്, ഇ. ഇ. സെക്ഷൻ
5. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്